**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 6052

28.10.2011 ൽ
മറുപടിയ്ക്ക്

**കൊണ്ടോട്ടി മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ; | | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | കൊണ്ടോട്ടി മണ്ഡലത്തിൽ പുതുതായി എവിടെയെല്ലാം മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് പ്രൊപ്പോസലുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | പുളിക്കൽ, ചെറുകാവ്, മുതുവല്ലൂർ, വാഴയൂർ എന്നീ പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| ബി) | പുതിയേടത്ത് പറമ്പ് (പുളിക്കൽ പഞ്ചായത്ത്), ഐക്കരപ്പടി (ചെറുകാവ് പഞ്ചായത്ത്), മുതുവല്ലൂർ കാരാട് (വാഴയാർ പഞ്ചായത്ത്) എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ എതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ? | ബി) | പുളിക്കൽ പഞ്ചായത്തിൽ കോട്ടപ്പുറത്തും, ചെറുകാവ് പഞ്ചായത്തിൽ പെരിയമ്പലത്തും, വാഴയൂർ ഗ്രാമപഞ്ചായത്തിൽ കക്കോവിലും നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. മുതുവല്ലൂർ പഞ്ചായത്തിൽ പുതിയ മാവേലിസ്റ്റോർ തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ നൽകാമെന്ന പഞ്ചായത്ത് അധികാരികളിൽ നിന്നുള്ള സമ്മതപത്രം ലഭിച്ചിട്ടില്ല. ചെറുകാവ് പഞ്ചായത്തിലെ ഐക്കരപ്പടിയിൽ പുതിയ മാവേലി സ്റ്റോറിനായുള്ള അപേക്ഷയിൻമേൽ സാദ്ധ്യതാ പഠന റിപ്പോർട്ട് ലഭിച്ചെങ്കിലും, സാമൂഹികമായും വാണിജ്യപരമായും ഗുണകരമല്ലെന്ന് കണ്ടതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പുളിക്കൽ പഞ്ചായത്തിലെ പുതിയേടത്ത് പറമ്പിലും വാഴയൂർ പഞ്ചായത്തിലെ കാരാടും പുതിയ മാവേലി സ്റ്റോറിനായുള്ള അപേക്ഷകൾ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പാലക്കാട് റീജിയണൽ മാനേജരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ